# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3461 – 15/03/2018 ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ കുടിശ്ശിക പദ്ധതിയിലെ അപേക്ഷകൾ

**ചോദ്യം** **ഉത്തരം**

ശ്രീ. റ്റി. വി. രാജേഷ്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| വിദ്യാഭ്യാസ വായ്പ കുടിശ്ശിക തിരിച്ചടക്കാൻ സർക്കാർ സഹായം നൽകുന്ന പദ്ധതിയിൽ ഇതുവരെയായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതു സംബന്ധിച്ച് സർക്കാർ എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി ആനുകൂല്യത്തിനായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31.01.2018 ആയിരുന്നു. ഇതനുസരിച്ച് 75409 അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ അപേക്ഷ തയ്യാറാക്കിയെങ്കിലും അപേക്ഷകരുടെ സാങ്കേതിക പരിജ്ഞാനക്കുറവ് മൂലം സമർപ്പിക്കാൻ കഴിയാതെപോയ 2817 അപേക്ഷകൾ കൂടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ ബാങ്കുകൾ പരിശോധിച്ച് യോഗ്യമായവ ധനസഹായത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചു വരികയാണ്. സർക്കാരിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് യോഗ്യമായവയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ